ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

നമ്പർ. DTETVM/9158/2024-EA2 (EA) തീയതി: 12-11-2024

മലയാള ഭാഷ വകുപ്പുതല ഏകോപന സമിതിയുടെ 06/11/2024 തീയതി ഉച്ചയ്ക്ക് 2.30 മണിക്ക് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ അധ്യക്ഷതയിൽ കൂടിയ ഓൺലൈൻ യോഗത്തിൻ്റെ നടപടികുറിപ്പ്.

<u>യോഗത്തിൽ പങ്കെടുത്തവർ:</u>

1. ശ്രീ. ഷാലിജ് പി ആർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ
2. ശ്രീ. ജയപ്രകാശ് പി, സീനിയർ ജോയിന്റ് ഡയറക്ടർ (ECS)
3. ശ്രീ. സോളമൻ പി എ, റീജിയണൽ ഡയറക്ടർ കോതമംഗലം
4. ശ്രീ. സുരേഷ് കുമാർ ജെ എസ്, റീജിയണൽ ഡയറക്ടർ കോഴിക്കോട്

മലയാള ഭാഷ വകുപ്പുതല ഏകോപന സമിതിയുടെ ഒക്ടോബർ മാസത്തെ യോഗം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ അധ്യക്ഷതയിൽ കൃത്യം 2.30-ന് ഓൺലൈൻ ആയി ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്ത എല്ലാ ഉദ്യോഗസ്ഥരെയും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്വാഗതം ചെയ്തു. തുടർന്ന് 'ഔദ്യോഗിക ഭാഷ മലയാളത്തിൽ ആക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തെ ശരിയായി നടപ്പിലാക്കുന്നതിന് ഈ വകുപ്പിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്നതും നടപ്പിലാക്കിയതുമായ കാര്യങ്ങളെ കുറിച്ച് ചർച്ച ചെയ്തു. ഈ വകുപ്പിനു കീഴിലെ ഓഫീസുകളിൽ കൈകാര്യം ചെയ്യുന്ന ഫയലുകളുടെ (മലയാളത്തിൽ കൈകാര്യം ചെയ്യുന്നവ, ഇംഗ്ലീഷിൽ ചെയ്യുന്നവ, മറ്റു ഭാഷകളിൽ കൈകാര്യം ചെയ്യുന്നവ) സ്ഥിതി വിവര കണക്കുകൾ അവലോകനം ചെയ്യുന്നതിനെക്കുറിച്ചും റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്തു.

<u>യോഗ തീരുമാനങ്ങൾ</u>

1) കേന്ദ്രസർക്കാരുമായിട്ടുള്ള കത്തിടപാടുകൾ, കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ ഇതര സംസ്ഥാനങ്ങൾ, ഇതര രാജ്യങ്ങൾ, ബഹു. കേരള ഹൈക്കോടതി/ ബഹു. സുപ്രീംകോടതി എന്നിടങ്ങളിലെ കത്തിടപാടുകൾ ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കാം. എന്നാൽ ഇത്തരം സാഹചര്യങ്ങളിൽ കുറിപ്പ് ഫയലുകൾ പൂർണ്ണമായും മലയാള ഭാഷയിൽ ആക്കേണ്ടതാണ്.

2)എല്ലാ ഓഫീസുകളിലെയും രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ മലയാള ഭാഷയിൽ തന്നെ നടത്തേണ്ടതാണ്.

3)ഓഫീസുകളിലെ ബോർഡുകളിൽ ആദ്യ നേർപകുതി മലയാളത്തിലും ബാക്കി പകുതിയിൽ ഇംഗ്ലീഷിലും രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്

4) വകുപ്പുകളുടെ വാഹനത്തിന്റെ മുൻവശത്ത് ബോർഡുകൾ മലയാളത്തിലും

പിൻവശത്ത് ഇംഗ്ലീഷിലും പ്രദർശിപ്പിക്കേണ്ടതാണ്

5) എല്ലാ ഓഫീസുകളിലും മലയാളത്തിൽ കൂടി സീലുകൾ ഉണ്ടാക്കി ഉപയോഗിക്കാൻ മേലധികാരികൾ ശ്രദ്ധ ചെലുത്തേണ്ടതാണ്

6) ഇതേ നമ്പർ സർക്കുലർ തീയതി: 22.10.2024 പ്രകാരം സ്ഥാപനങ്ങളിൽ രൂപീകരിച്ച മലയാള ഭാഷ ഏകോപന സമിതികളുടെ ജില്ലാ നോഡൽ ഓഫീസർമാരായി എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പൾമാരെയും, നോഡൽ പോളിടെക്നിക് കോളേജ് പ്രിൻസിപ്പൾമാരെയും നിയോഗിക്കാൻ തീരുമാനിച്ചു.

7 ) മലയാള ഭാഷ ഏകോപന സമിതികളുടെ ജില്ലാ നോഡൽ ഓഫീസർമാരെ ഉൾപ്പെടുത്തി ഒരു ഓൺലൈൻ യോഗം ചേരുവാൻ തീരുമാനിച്ചു.

യോഗം 3.00 മണിക്ക് അവസാനിച്ചു.

**SHALIJ P R**
**DIRECTOR**

പകർപ്പ് :

1. റീജിയണൽ ഡയറക്ടർ കോതമംഗലം
2. റീജിയണൽ ഡയറക്ടർ കോഴിക്കോട്
3. സി എ, ഡി ടി ഇ
4. സി എ, സീനിയർ ജോയിന്റ് ഡയറക്ടർ (ECS)
5. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
6. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Shalij P R
Date: 12-11-2024 08:15:57